(ഡി) 2015-16 അദ്ധ്യയന വർഷം ഒന്നുമുതൽ പത്ത് വരെ 3,73,15,500 എണ്ണം പാഠപുസ്തകങ്ങളാണ് രണ്ട് ഘട്ടങ്ങളിലായി ഇൻഡന്റ് പ്രകാരം അച്ചടിക്കാനുള്ളത്. വോള്യം 1-ന്റെ അച്ചടി കെ.ബി.പി.എസ്സ്.-ൽ നടന്നുവരികയാണ്. ചെലവു വരുന്ന തുക, പുസ്തകങ്ങൾ അച്ചടിച്ച ശേഷമേ കണക്കാക്കാൻ കഴിയൂ. സ്കൂളുകളിൽനിന്നും ലഭ്യമാകുന്ന ഇൻഡന്റ് പ്രകാരമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കേണ്ടതായിട്ടുള്ളത്. ഇൻഡന്റ് സ്കൂളുകളിൽനിന്നും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ ഓരോ അദ്ധ്യയന വർഷവും ഒറ്റഘട്ടത്തിലാണ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്. പ്ലസ്-1, പ്ലസ്-2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്കൂളുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(ഇ) നിലവിൽ 1 മുതൽ 10 വരെ പാഠപുസ്തക വിതരണം കെ.ബി.പി. എസ്.-ആണ് നടത്തുന്നത്. വിതരണം തപാൽ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 2015-16 അദ്ധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സർക്കാർ പൊതുമേഖലാ സ്ഥാപനമായ സി ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാനുള്ള നീക്കങ്ങളൊന്നും നിലവിലില്ല.

മടിക്കൈ അമ്പലത്തുകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

35 (1071) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മടിക്കൈ അമ്പലത്തുകര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്, സ്വാതന്ത്ര്യസമര സേനാനി മടിക്കൈ കുഞ്ഞിക്കണ്ണന്റെ പേര് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത അപേക്ഷ മടിക്കൈ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly